ഫെബ്രുവരി 13, 2014

# പവൽ- മോദി കൂടിക്കാഴ്ച : അമേരിക്കയുടെആഭ്യന്തര തിരുത്ത്

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

അമേരിക്കൻ അംബാസഡർ നാൻസി പവൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോദിയുമായി ഇന്നു കൂടിക്കാഴ്ച നടത്തി. ഇന്ത്യയിലെ ആഭ്യന്തര അവസ്ഥ യു.എസ്. ഭരണകൂടം സ്വമേധയാ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാകാം ഗുജറാത്ത് മുഖ്യമന്ത്രിയുമായുള്ള ബന്ധം പുനരാരംഭിക്കാൻ അവർ തീരുമാനിച്ചതെന്നു കരുതുന്നു. യു.എസ്. ഭരണകൂടത്തിന്റെ ഒരു തിരുത്തലായി ഞാനതിനെ കാണുന്നു. ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിയുമായി ബന്ധം സ്ഥാപിക്കേണ്ടതില്ല എന്ന നേരത്തെ എടുത്ത തീരുമാനം എന്തെങ്കിലും വ്യക്തമായ തെളിവുകളുടെയോ കോടതി വിധികളുടെയോ അടിസ്ഥാനത്തിൽ ആയിരുന്നു എന്ന് കരുതാനാവില്ല. ചില ഗവൺമെന്റേതര സംഘടനകൾ മാധ്യമങ്ങളിലൂടെയും അല്ലാതെയും നടത്തിയ അമിതമായ പ്രചാരണമായിരുന്നു അതിനടിസ്ഥാനം.

ബി.ജെ.പി.ക്കാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ കൂടിക്കാഴ്ച ഒരു നയതന്ത്ര പ്രക്രിയയുടെ ഭാഗമാണെന്നാണ്. 2014-ലെ പൊതു തിരഞ്ഞെടുപ്പിലെ ചോദ്യം ചെയ്യാനാവാത്ത മുൻനിരക്കാരനാണ് ഗുജറാത്ത് മുഖ്യമന്ത്രി. സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ തുടർച്ചയായി മൂന്നു പ്രാവശ്യം ആധികാരികമായി വിജയിച്ചയാളാണ് അദ്ദേഹം. അദ്ദേഹവുമായി ബന്ധം സ്ഥാപിക്കേണ്ടതില്ലെന്ന് ചില രാജ്യങ്ങൾ നേരത്തെ തീരുമാനിച്ചത് ഇന്ത്യയുടെ വിദേശനയത്തിന്റെ പരാജയമാണ് സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഏതെങ്കിലും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമായി ബന്ധം സ്ഥാപിക്കണമോ വേണ്ടയോ എന്ന് ഏതെങ്കിലും രാജ്യം തീരുമാനിച്ചാൽ അതിനെതിരെ പ്രതികരിക്കേണ്ടത് ഒരു സംസ്ഥാന സർക്കാരോ ഒരു രാഷ്ട്രീയ പാർട്ടിയോ അല്ല. വിദേശകാര്യവകുപ്പാണ് ആ കടമ നിർവ്വഹിക്കേണ്ടത്. ഇക്കാര്യത്തിൽ യു.പി.എ.യുടെ കീഴിലുള്ള വിദേശകാര്യവകുപ്പ് പരാജയപ്പെട്ടോ? പരാജയപ്പെട്ടു എന്ന് നിസ്സംശയം പറയാം.

നാൻസി പവൽ-മോദി കൂടിക്കാഴ്ചയെക്കുറിച്ച് വിദേശകാര്യമന്ത്രി സൽമാൻ ഖുർഷിദ് നടത്തിയ പ്രതികരണം ഇക്കാര്യത്തിൽ സുവ്യക്തമാണ്. കോൺഗ്രസ് പാർട്ടി ഇന്ന് മനോവീര്യം തകർന്ന ഒന്നായി മാറി. ആ പാർട്ടിയെ സംബന്ധിച്ചിടത്തോളം ചുവരെഴുത്ത് വളരെ വ്യക്തമാണ്. ആസന്നമായ തിരഞ്ഞെടുപ്പിൽ പരാജയം അവരെ തുറിച്ചുനോക്കുന്നു. ഇന്നത്തെ രാഷ്ട്രീയാവസ്ഥ വീക്ഷിക്കുന്നവർക്ക് ഒരു സമ്പൂർണ്ണ പരാജയമാണ് ആ പാർട്ടി ഏറ്റുവാങ്ങാൻ പോകുന്നതെന്നു കാണാം. അവരുടെ പാരമ്പര്യവോട്ടുകൾ അപ്രത്യക്ഷമായി. അതൊന്നും മനസ്സിലാക്കാതെ നേതാക്കൾ ഇന്നും അഹങ്കരിച്ചുനടക്കുന്നു. കഴിഞ്ഞ ഏതാനും മണിക്കൂറിൽ അവർ നടത്തിയ പരാമർശങ്ങൾ അതിന് തെളിവാണ്. ഇന്ത്യയിലെ ഒരു തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയുടെ അന്തസ്സു കാത്തുസൂക്ഷിക്കേണ്ട വിദേശകാര്യമന്ത്രി യു.എസ്. അംബാസഡർ ഗുജറാത്ത് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ പ്രകടിപ്പിച്ച അസ്വസ്ഥത അതിനു തെളിവാണ്.

ഇന്ത്യയുടെ വിദേശനയത്തിന്റെ ഒരു പ്രധാന നാഴികക്കല്ലാണ് ഇന്ത്യ- അമേരിക്ക ബന്ധം. അടൽ ബിഹാരി വാജ്പേയി നയിച്ച എൻ.ഡി.എ. സർക്കാർ ഈ ബന്ധം അരക്കിട്ടുറപ്പിക്കാൻ ആവതെല്ലാം ചെയ്തു. നിയന്ത്രണവും ഭരണതന്ത്രജ്ഞതയും കൈമുതലായുണ്ടെങ്കിൽ ക്ഷണികമായ പ്രശ്നങ്ങൾ തരണം ചെയ്യാൻ നമുക്ക് കഴിയുമെന്ന് എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ആരുടെയെങ്കിലും എന്തെങ്കിലും പോരായ്മകൾ പെരുപ്പിച്ചുകാട്ടി ഈ ബന്ധത്തിന് കോട്ടം വരാൻ ഇടയാക്കരുത്.